**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*9 — 12.01.2021-ൽ മറുപടിയ്ക്ക്

**<u>കേന്ദ്ര അന്വേഷണ ഏജൻസികളുടെ കടന്നുകയറ്റം</u>**

| ചോദ്യം<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജൻ<br>ശ്രീ. വി. ആർ. സുനിൽ കുമാർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഭരണനിർവ്വഹണ മേന്മയിൽ രാജ്യത്ത് ഒന്നാമതെത്തിയ കേരള സർക്കാരിനെ തടയുന്നതിനും അട്ടിമറിക്കുന്നതിനും ആസൂത്രിതശ്രമങ്ങൾ നടക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | ദേശീയതലത്തിൽ തന്നെ ഭരണനിർവ്വഹണ മേഖല ആരോഗ്യം, വിദ്യഭ്യാസം, സമൂഹ്യ സുരക്ഷ, പാർപ്പിടം തുടങ്ങി മാനവ വികസന സൂചികകളിൽ സംസ്ഥാനം അസൂയാവഹമായ പുരോഗതി ഈ കഴിഞ്ഞ 4 വർഷക്കാലത്തിനുള്ളിൽ കൈവരിച്ചത് ദേശീയ അന്തർ ദേശീയ തലത്തിൽ ശ്രദ്ധയാകർഷിക്കുകയുണ്ടായി. വിവിധ മേഖലകളിലെ ഈ വികസനക്കുതിപ്പ് സർക്കാരിന്റെ ഇച്ഛാശക്തിയുടെ പ്രതിഫലനം ആണെന്നത് ജനങ്ങൾ അംഗീകരിച്ച കാര്യമാണ്. വികസന നയങ്ങൾ വിജയകരമായി നടപ്പാക്കി വരുന്ന സർക്കാരിനെതിരെ ആസൂത്രിതമായ കുപ്രചാരണങ്ങളാണ് നടക്കുന്നത്.<br><br>തിരുവനന്തപുരം വിമാനത്താവളം കേന്ദ്രമാക്കി നടന്ന സ്വർണ്ണക്കടത്തിന്റെ അന്താരാഷ്ട്രമാനം കണക്കിലെടുത്ത് സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് മുഖ്യമന്ത്രി കത്ത് അയയ്ക്കുകയും, അന്വേഷണം വിവിധ ഏജൻസികൾ ഏറ്റെടുക്കുകയും ചെയ്യുകയുണ്ടായി. സർക്കാർ ഇതിനായി എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുകയും ഉണ്ടായി. എന്നാൽ അന്വേഷണം പുരോഗമിക്കവേ, കേന്ദ്ര അന്വേഷണ ഏജൻസികളുടെ അന്വേഷണ രീതി സർക്കാരിന്റെ ഭരണനിർവ്വഹണം തന്നെ തടസ്സപ്പെടുത്തുന്നതായി വ്യാപകമായ പരാതി |
| (ബി) | അന്വേഷണത്തിൽ സ്വീകരിക്കേണ്ട പ്രൊഫഷണൽ മാനദണ്ഡങ്ങളും സമീപനവും മറന്നുകൊണ്ട് കേന്ദ്ര അന്വേഷണ ഏജൻസികൾ കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെ ചട്ടുകങ്ങളായി മാറുന്നതായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | കേന്ദ്ര അന്വേഷണ ഏജൻസികൾ സർക്കാരിന്റെ ഭരണ നിർവ്വഹണത്തിലേക്ക് കടന്നുകയറുന്നുണ്ടോ; വ്യക്തമാക്കുമോ; | | |
| (ഡി) | സംസ്ഥാന സർക്കാരിന്റെ നയങ്ങളും അവയുടെ നടത്തിപ്പും പരിശോധിക്കുന്നതിന് കേന്ദ്ര ഏജൻസികൾക്ക് അധികാരമുണ്ടോ; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ഉയർന്നു വരുകയും ഇത്തരം പരാതികളിൽ അടിസ്ഥാനമുണ്ടെന്ന് അന്വേഷണ ഏജൻസികളുടെ വളരെ അസാധാരണമായ അന്വേഷണ രീതിയിൽ നിന്നും ആർക്കും കാണാൻ കഴിയും. കേന്ദ്ര ഏജൻസികളുടെ നിയമാനുസൃതമായ ഏത് അന്വേഷണത്തിനും സർക്കാർ എല്ലാ വിധ പിന്തുണയും നൽകും. എന്നാൽ, ഫെഡറൽ സംവിധാനത്തെ തുരങ്കം വയ്ക്കുന്ന രീതിയിലുള്ള, രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു കടന്നുകയറ്റത്തിനും സർക്കാർ വഴങ്ങിക്കൊടുക്കില്ല. കേന്ദ്ര ഏജൻസികളുടെ അന്വേഷണ രീതി പലപ്പോഴും സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമമായിത്തീർന്നപ്പോൾ ഈ വിഷയം ബഹു.പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.<br><br>സ്വർണ്ണക്കള്ളക്കടത്തു കേസുമായി സംസ്ഥാന സർക്കാരിന്റെ ആരെങ്കിലും ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ യാതൊരു വിധത്തിലും സംരക്ഷിക്കുകയില്ലെന്നും സർക്കാർ ഇതിനകം വ്യക്തമാക്കിയിട്ടുമുണ്ട്.<br><br>കേന്ദ്ര ഏജൻസികൾ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കുന്ന സ്വർണ്ണക്കടത്തിലൂടെ വരുന്ന സ്വർണ്ണത്തിന്റെ ഉറവിട സ്രോതസ്സും അവസാനത്തെ കണ്ണികളും അന്വേഷണത്തിനു വിധേയമാക്കുന്നില്ല എന്നതാണ് ഇവിടെ പ്രധാനമായ പ്രശ്നം. |
| (ഇ) | സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള കെ-ഫോൺ പദ്ധതി ചില വൻകിട കോർപ്പറേറ്റുകൾക്ക് വേണ്ടി അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി കരുതുന്നുണ്ടോ; എന്നറിയിക്കാമോ? | (ഇ) | സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള കെ-ഫോൺ പദ്ധതി ചില വൻകിട കോർപ്പറേറ്റുകൾക്ക് വേണ്ടി അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി ചില നടപടികൾ ഉയർന്നു വരുന്നുണ്ട്. ഈ പദ്ധതിയെ ആകെ പരിശോധിക്കാൻ അന്വേഷണത്തിന്റെ സ്വാഭാവിക പരിമിതി ലംഘിച്ചുകൊണ്ടുള്ള ചില നീക്കങ്ങൾ കേന്ദ്ര അന്വേഷണ ഏജൻസികളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യത്തോടെ സർക്കാർ വിഭാവനം ചെയ്ത കെ.ഫോൺ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുവാനും ഈ പദ്ധതി വഴി കഴിയുന്നതാണ്. പ്രതിസന്ധികൾ തരണം ചെയ്ത് ഈ പദ്ധതിയുമായി മുന്നോട്ടു പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ